LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് പോലീസ് മർദ്ദനം സംബന്ധിച്ച 565 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗ/ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് പോലീസ് മർദ്ദനമേറ്റ എത്ര സംഭവം സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് ചുവടെ ചേർത്തിരിക്കുന്നു :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പോലീസ് മർദ്ദനമേറ്റതിന് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം	2
പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പോലീസ് മർദ്ദനമേറ്റതിന് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം	1
ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് പോലീസ് മർദ്ദനമേറ്റതിന് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം	...

(സി) ഇതിൽ എത്ര കേസ്സുകളിൽ കുറ്റക്കാരായ പൊലീസുകാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ചുവടെ ചേർക്കുന്നു :

കുറ്റക്കാരായ പോലീസുകാർക്കെതിരെ നടപടികൾ സ്വീകരിച്ച കേസുകളുടെ എണ്ണം

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നേരെയുണ്ടായ മർദ്ദനങ്ങളിൽ	2
പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നേരെയുണ്ടായ മർദ്ദനങ്ങളിൽ	1
ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് നേരെയുണ്ടായ മർദ്ദനങ്ങളിൽ	...

പോലീസ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം വിട്ടുനൽകാൻനടപടി

190 (3823) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ പള്ളാത്തുരുത്തി തോടിനു കുറുകെ പാലം പണിഞ്ഞ് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് പോലീസ് വകുപ്പിന്റെ അധീനതയിലുള്ള വസ്തുവിൽ നിന്നും 5 സെന്റ് സ്ഥലം പൊതുമരാമത്തു വകുപ്പിന് വിട്ടുനൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിച്ചു ; സ്ഥലം വിട്ടുനൽകി ഉത്തരവായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ പള്ളാത്തുരുത്തി പോലീസ് ഔട്ട് പോസ്റ്റ് സ്ഥിതി ചെയ്യുന്ന ഭൂമിയിൽനിന്നും 5 സെന്റ് സ്ഥലം പൊതുമരാമത്ത് വകുപ്പിനു കൈമാറുന്നതിന് ആഭ്യന്തര വകുപ്പ് അനുമതി നൽകിക്കഴിഞ്ഞു. റവന്യൂ വകുപ്പ് തുടർ നടപടി സ്വീകരിച്ചുവരുന്നു.

പോലീസ് സർവ്വകലാശാല

191 (3824) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സർവ്വകലാശാല സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പോലീസ് സർവ്വകലാശാല ബിൽ സംബന്ധിച്ച കരടുരൂപം തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) പോലീസ് സയൻസിലും ആഭ്യന്തര സുരക്ഷയിലും ഉന്നത വിദ്യാഭ്യാസ സൗകര്യമൊരുക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ-ഡി) നാഷണൽ യൂണിവേഴ്സിറ്റി ഫോർ പോലീസ് സയൻസ് & സെക്യൂരിറ്റി സ്റ്റഡീസ് എന്ന പേരിൽ ഒരു യൂണിവേഴ്സിറ്റി തുടങ്ങുന്നത് സംബന്ധിച്ച് ശ്രീ. എൻ. ആർ. മാധവ മേനോൻ ചെയർമാനായുള്ള കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

പോലീസ് സ്റ്റേഷനുകളിലെ മൂന്നാംമുറ

192 (3825) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം എത്ര പേർ പോലീസ് സ്റ്റേഷനുകളിൽ മൂന്നാംമുറയ്ക്ക് വിധേയരായിട്ടുണ്ട് ; ഇരയായവരുടെ വിശദാംശങ്ങൾ സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly